പ്രാഥമിക സഹകരണ സംഘം ജീവനക്കാർക്ക് ശമ്പള പരിഷ്കരണം

43 (1006) ശ്രീ. കോവൂർ കുഞ്ഞുമോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ പ്രാഥമിക സഹകരണ സംഘം ജീവനക്കാർക്ക് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന ശമ്പള പരിഷ്കരണ നടപടികളെ സംബന്ധിച്ച കാര്യങ്ങൾ വ്യക്തമാക്കുമോ ;

(ബി) പരിഷ്കരണത്തിന്റെ ഗുണം എത്ര ജീവനക്കാർക്ക് ലഭ്യമാകും എന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) സംസ്ഥാനത്തെ പ്രാഥമിക സഹകരണ സംഘം ജീവനക്കാരുടെ ശമ്പളം പരിഷ്കരിക്കുന്നതിനായി ഒരു കമ്മിറ്റി രൂപീകരിക്കുകയും പ്രസ്തുത കമ്മിറ്റി ശമ്പള പരിഷ്കരണം സംബന്ധിച്ച് വിശദമായി പഠിച്ച് ശിപാർശകൾ സർക്കാരിന് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. ആയത് പരിശോധിച്ചു വരുന്നു.

(ബി) പ്രാഥമിക സഹകരണ സംഘങ്ങളിലെ പാർട്ട്-ടൈം ജീവനക്കാർ മുതൽ ചീഫ് എക്സിക്യൂട്ടീവ് തസ്തിക വരെയുള്ള എല്ലാ ജീവനക്കാർക്കും ശമ്പള പരിഷ്കരണത്തിന്റെ ഗുണം ലഭിക്കും.

കാസർഗോഡ് ജില്ലാ ബാങ്കിലെ ക്ലാർക്ക് പോസ്റ്റ് ക്രിയേഷൻ

44 (1007) ശ്രീ. കെ. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യത്തിന് സഹകരണവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കാസർഗോഡ് ജില്ലാ ബാങ്കിൽ നിന്ന് ക്ലാർക്ക് പോസ്റ്റ് ക്രിയേഷനുമായി ബന്ധപ്പെട്ട് രജിസ്ട്രാർക്ക് അയച്ച ഫയൽ തീരുമാനമാകാൻ വൈകുന്നതിന്റെ കാരണം വ്യക്തമാക്കുമോ ?

ഉത്തരം

കാസർഗോഡ് ജില്ലാ സഹകരണ ബാങ്കിൽ പുതുതായി ക്ലാർക്ക് തസ്തിക സൃഷ്ടിക്കുന്നതിനുള്ള അനുമതിക്കായി അപേക്ഷകൾ ഒന്നുംതന്നെ സഹകരണ സംഘം രജിസ്ട്രാർക്ക് ലഭിച്ചിട്ടില്ലെന്ന് സഹകരണ സംഘം രജിസ്ട്രാർ അറിയിച്ചിട്ടുണ്ട്.

പ്രാഥമിക സഹകരണ സംഘങ്ങളിലെ ബിൽ കളക്ടർമാരുടെ ആനുകൂല്യങ്ങൾ

45 (1008) ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് സ്ഥിരപ്പെടുത്തിയതും സംസ്ഥാനത്തെ പ്രാഥമിക സഹകരണസംഘങ്ങളിൽ ജോലി ചെയ്യുന്നതുമായ ബിൽകളക്ടർമാർക്ക് മെഡിക്കൽ അലവൻസിന് അർഹതയുണ്ടോ :

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇവരിൽ നിന്നും പി. എഫ്. വിഹിതം ഈടാക്കുന്നുണ്ടോ ;

(സി) പ്രസ്തുത സംഘങ്ങളിൽ ഒഴിവുവരുന്ന ക്ലാർക്ക്, പ്യൂൺ തസ്തികകളിൽ ബൈട്രാൻസ്ഫർ നിയമനം ലഭിക്കുവാൻ ഇവർ അർഹരാണോ ;

(ഡി) സ്ഥിരം ജീവനക്കാർക്ക് നൽകുന്ന ഏതെല്ലാം ആനുകൂല്യങ്ങൾക്ക് ഇവർ അർഹരാണ് ; വിശദാംശം ലഭ്യമാക്കുമോ ?

ഉത്തരം

(എ) സഹകരണ സംഘം രജിസ്ട്രാറുടെ 10/05 സർക്കുലറിന്റെ അടിസ്ഥാനത്തിൽ സ്ഥിരപ്പെടുത്തിയ സംസ്ഥാനത്തെ സഹകരണ സ്ഥാപനങ്ങളിൽ ജോലി നോക്കുന്ന നിക്ഷേപ വായ്പാ പിരിവുകാർക്ക് മെഡിക്കൽ അലവൻസിന് അർഹത ഇല്ല.

(ബി) ഇല്ല.

(സി) 10/05 സർക്കുലർ നിർദ്ദേശ പ്രകാരം ഇവരെ പോഷക വിഭാഗത്തിൽ ഉൾപ്പെടുത്തരുതെന്ന് നിർദ്ദേശിച്ചിട്ടുള്ളതിനാൽ സംഘങ്ങളിൽ ഒഴിവ് വരുന്ന ക്ലാർക്ക്, പ്യൂൺ തസ്തികകളിൽ ബൈട്രാൻസ്ഫർ നിയമനം ലഭിക്കാൻ ഇവർ അർഹരല്ല.

(ഡി) സഹകരണ ജീവനക്കാരുടെ വെൽഫെയർ ബോർഡിൽ അംഗമായിട്ടുള്ള കമ്മീഷൻ ഏജന്റുമാർക്ക് 20,000 രൂപ ചികിത്സാ ധനസഹായവും ആശ്രിതർക്ക് 5,000 രൂപ ചികിത്സാ ധനസഹായവും മരണമടയുന്ന കമ്മീഷൻ ഏജന്റിന്റെ ആശ്രിതർക്ക് 50,000 രൂപയും ലഭിക്കുന്നുണ്ട്. കമ്മീഷൻ ഏജന്റുമാരെ സഹകരണ ജീവനക്കാരുടെ പെൻഷൻ പദ്ധതിയിലും ക്ഷേമനിധിയിലും അംഗമാക്കുകയും അപ്രകാരം ആനുകൂല്യങ്ങൾക്ക് അർഹരുമാണ്.

കാർഷിക ഗ്രാമവികസന ബാങ്ക് ജീവനക്കാരുടെ ശമ്പളം

46 (1009) ശ്രീ. പി. വിശ്വൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ കാർഷിക ഗ്രാമവികസന ബാങ്ക് ജീവനക്കാരുടെ ശമ്പളം പരിഷ്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) എങ്കിൽ ഇതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചത് ;

(സി) ഇതിനായുള്ള കമ്മിറ്റി സർക്കാരിലേക്ക് റിപ്പോർട്ട് നൽകിയിട്ടുണ്ടോ : എങ്കിൽ റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി&സി) സംസ്ഥാന സഹകരണ കാർഷിക ഗ്രാമ വികസന ബാങ്ക്, പ്രാഥമിക സഹകരണ കാർഷിക ഗ്രാമ വികസന ബാങ്കുകൾ എന്നിവിടങ്ങളിലെ ജീവനക്കാരുടെ ശമ്പള പരിഷ്കരണത്തിനായുള്ള ശിപാർശകൾ സമർപ്പിക്കുന്നതിനായി സർക്കാർ കമ്മിറ്റികൾ രൂപീകരിക്കുകയും ടി കമ്മിറ്റി ഇതിനകം ശിപാർശ സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത ശിപാർശ ഗവൺമെന്റിന്റെ പരിശോധനയിലാണ്. പരിശോധനയിലിരിക്കുന്ന ശിപാർശകളുടെ പകർപ്പ് ഇപ്പോൾ ലഭ്യമാക്കുന്നത് ഉചിതമല്ല.

LIBRARY ARCHIVES Kerala Legislative Assembly